# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം - 2

## 2016 നവംബർ 1

നമ്പർ : 117

കേരള നിയമസഭയുടെ പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നിയമസഭാംഗങ്ങൾക്കായി 2016 നവംബർ 7, തിങ്കളാഴ്ച സഭാ സമ്മേളനത്തിനു ശേഷം നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ 'ചരക്ക് സേവന നികുതി (GST) നിയമം - സംസ്ഥാന കാഴ്ചപ്പാടിൽ' എന്ന വിഷയം സംബന്ധിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുന്നു. ബഹു. ധനകാര്യവകുപ്പ് മന്ത്രി ഡോ. ടി. എം. തോമസ് ഐസക് വിഷയം അവതരിപ്പിച്ച് സംസാരിക്കുന്നതും തുടർന്ന് അഡീഷണൽ ചീഫ് സെക്രട്ടറി (ടാക്സസ്) ശ്രീ. പി. മാരപാണ്ഡ്യൻ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ ഡയറക്ടർ ശ്രീ. ഡി. നാരായണ എന്നിവർ നയിക്കുന്ന ചർച്ച ഉണ്ടായിരിക്കുന്നതുമാണ്. പരിപാടിയുടെ വിശദവിവരങ്ങൾ അടങ്ങുന്ന ക്ഷണക്കത്ത് സാമാജികർക്ക് പ്രത്യേകം അയയ്ക്കുന്നതാണ്.

വി. കെ. ബാബുപ്രകാശ്
സെക്രട്ടറി